**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**4458** — **21-03-2018** ൽ മറുപടിയ്ക്ക്

**കൊല്ലങ്കോട് താത്കാലിക ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ബാബു** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) നെന്മാറ നിയോജകമണ്ഡലത്തിൽ **2018**- ൽ ഇതുവരെ എത്ര തീപിടുത്തങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) നെന്മാറ നിയോജക മണ്ഡലത്തിൽ ആലത്തൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ നിന്നും 14 ഫയർ കോളുകളും, ചിറ്റൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ നിന്ന് 24 ഫയർ കോളുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) ഈ മണ്ഡലത്തിലെ ആളുകൾ ഫയർ സർവ്വീസിന്റെ സേവനത്തിനായി ചിറ്റൂർ, ആലത്തൂർ സ്റ്റേഷനുകളെ ആശ്രയിക്കുന്നത് കാരണം സമയത്തിന് സേവനം ലഭിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കൊല്ലങ്കോട് ഫയർ സ്റ്റേഷൻ തുടങ്ങുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; <br> ഡി) നിലവിൽ ഇത് സംബന്ധിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തണമെന്നും വിശദമാക്കുമോ; | **(സി)&(ഡി)** കൊല്ലങ്കോട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി കൈമാറ്റം ചെയ്ത് കിട്ടിയ സ്ഥലത്തെ മരങ്ങൾ ലേലം നടത്തിയെങ്കിലും നിലവിലെ മതിപ്പ് വില ലഭിക്കാത്തതിനാൽ പുനർ ലേലം നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ലേലം ചെയ്ത് മരങ്ങൾ മുറിച്ച് മാറ്റുന്ന മുറയ്ക്ക് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം പൊതുമരാമത്ത് വകുപ്പ് ആരംഭിക്കുന്നതാണ്. |
| ഇ) ഈ പദ്ധതി പൂർത്തീകരിക്കുന്നതു വരെ താത്കാലിക ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) ഫയർസ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് സൗജന്യമായി സ്ഥലവും കെട്ടിടവും ലഭിക്കുന്ന പക്ഷം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ